I ഇ.ബി. XIV - കേരള നിയമസഭ /IX-4

## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജനുവരി 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I അടിയന്തര പ്രമേയം

ഓഖി ബാധിതരുടെ പ്രശ്നങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് ഓഖി ചുഴലി കൊടുങ്കാറ്റിൽ കാണാതായ നൂറിലധികം പേരെക്കുറിച്ച് ഇപ്പോഴും വിവരം ലഭിക്കാത്ത ആശങ്കാജനകമായ സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാലും ജീവനെ ഭയന്ന് ഉപജീവനത്തിനായി കടലിൽപോകാൻ മത്സ്യത്തൊഴിലാളികൾ തയ്യാറാകാത്തതിനാലും കടലോര മേഖലയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മയും പട്ടിണിയുംമൂലം ഉളവായിട്ടുള്ളതായി

പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017 നവംബർ 30-ന് സംസ്ഥാനത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് സംസ്ഥാനത്തിന് വലിയ ആഘാതമാണുണ്ടാക്കിയിരിക്കുന്നത്. എന്നാൽ സർക്കാർ സംവിധാനങ്ങളുടെ പൂർണ്ണ പരാജയംകൊണ്ടാണ് അത് വൻ ദുരന്തമായി മാറിയതെന്ന് പറഞ്ഞിരിക്കുന്നത് തെറ്റിദ്ധാരണ കൊണ്ടാണ്. 2017 നവംബർ 29 മുതൽ 30 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയോ കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെയോ മാനദണ്ഡപ്രകാരമുള്ള ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്ന് ചീഫ് സെക്രട്ടറിയും ദുരന്തനിവാരണ അതോറിറ്റിയും വ്യക്തമാക്കിയിട്ടുള്ളതാണ്. ചുഴലിക്കാറ്റിന് 72 മണിക്കൂറിന് മുമ്പ് പ്രീ സൈക്ലോൺ വാച്ച്, 48 മണിക്കൂറിന് മുമ്പായി സൈക്ലോൺ അലെർട്ട്, 24 മണിക്കൂറിന് മുമ്പ് സൈക്ലോൺ വാണിംഗ്, 12 മണിക്കൂറിന് മുമ്പ് പോസ്റ്റ് ലാൻഡ് ഫോൾ ഔട്ട്ലുക്ക് എന്നിങ്ങനെ നാല് തരത്തിലുള്ള മുന്നറിയിപ്പ് കേന്ദ്ര കാലാവാസ്ഥാ വകുപ്പ് അതത് സംസ്ഥാനങ്ങൾക്ക് നൽകേണ്ടതാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണമെന്ന

2013-ലെ ചുഴലിക്കാറ്റ് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിഡ്യൂർ പ്രകാരമുള്ള നിർദ്ദേശവും കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്ന് ഒരു ഘട്ടത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല. ശക്തമായ മഴ, കാറ്റ്, കടൽ പ്രക്ഷുബ്ധം, മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂറിൽ കടലിൽ പോകുന്നത് ഒഴിവാക്കണം തുടങ്ങി സ്ഥിരമായി ലഭിക്കുന്ന വിവരങ്ങൾ മാത്രമാണ് ലഭിച്ചത്. 30-11-2017-ന് രാവിലെ 9.10-ന് എം.എച്ച്.എ.കൺട്രോൾ റൂമിൽനിന്ന് നൽകിയ ബുള്ളറ്റിനിലും അതോടൊപ്പം നൽകിയ ഭൂപടത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ആദ്യമായി പുറപ്പെടുവിച്ച ചുഴലി സഞ്ചാര സമയക്രമത്തിലും മാത്രമാണ് ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദ പ്രതിഭാസം ചുഴലിക്കാറ്റാണെന്നും വൈകിട്ട് 5.30-ന് കേരള തീരത്ത് എത്തുമെന്നുമുള്ള മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. പ്രസ്തുത മുന്നറിയിപ്പ് ലഭിച്ചതുമുതൽ സംസ്ഥാന സർക്കാർ ചട്ടപ്രകാരമുള്ള അടിയന്തര പ്രവർത്തനങ്ങൾ ആരംഭിച്ചു. ഉച്ചയ്ക്ക് 12.30-നുള്ള ബുള്ളറ്റിനിൽ മാത്രമാണ് സൈക്ലോൺ വാണിംഗ് ഓറഞ്ച് അലർട്ടിനെക്കുറിച്ചുള്ള വിവരം സംസ്ഥാനത്തിന് നൽകിയത്. വൈകിട്ട് 5.30-ന് മാത്രമേ ചുഴലിക്കാറ്റായി മാറുകയുള്ളൂവെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം തെറ്റിച്ചുകൊണ്ട് രാവിലെ 8.30-ന് തന്നെ ചുഴലിക്കാറ്റായി മാറി. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി

പാർലമെന്റിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് യാതൊരുവിധ സംശയത്തിനും അടിസ്ഥാനമില്ല. കേന്ദ്രത്തിൽനിന്ന് കൃത്യമായ വിവരം ലഭിച്ചാൽ മാത്രമേ സംസ്ഥാനത്തിന് യഥാവിധി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: ഓഖി ദുരന്തത്തിനുശേഷമുള്ള ആദ്യത്തെ സഭാ സമ്മേളനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലായെന്ന് പറയുന്നത് ഏറെ ദൗർഭാഗ്യകരമാണ്. പ്രസ്തുത വിഷയം അവതരിപ്പിക്കുന്നതിനോട് ഭരണകക്ഷി അസഹിഷ്ണുതയാണ് കാണിക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിക്കണം. ചീഫ് സെക്രട്ടറി നൽകിയ വിവരമനുസരിച്ച് 155 പേരാണ് ഓഖി ദുരന്തത്തിന് ഇരയായിട്ടുള്ളത്. സർക്കാരിന്റെ പിടിപ്പുകേടും ഭരണ പരാജയവുമാണ് ഇത് വെളിവാക്കുന്നത്. 29-11-2017-ന് മൂന്ന് തവണ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്ന് കേരള സംസ്ഥാനത്തിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കേരളത്തിന് നൽകിയ അതേ മുന്നറിയിപ്പുതന്നെയാണ് തമിഴ്നാടിനും ലക്ഷദ്വീപിനും നൽകിയത്. തമിഴ്നാട്ടിലെ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രസ്തുത

വിഷയത്തെക്കുറിച്ച് ചർച്ചകൾ നടത്തിയെങ്കിലും കേരളത്തിൽ ഇതിനെക്കുറിച്ച് യാതൊരു ചർച്ചയും നടത്തിയില്ല. ശക്തമായ ന്യൂനമർദ്ദം സൈക്ലോൺ സ്റ്റോമായി മാറുമെന്ന് മനസ്സിലാക്കാനുള്ള പരിജ്ഞാനമില്ലാത്ത ഒരു ദുരന്തനിവാരണ അതോറിറ്റിയാണ് കേരള സംസ്ഥാനത്തുള്ളത്. ഡീപ് ഡിപ്രഷനുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പിനെത്തുടർന്ന് തമിഴ്നാട് സർക്കാരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനും കൈക്കൊണ്ട പ്രതിരോധ രക്ഷാപ്രവർത്തനങ്ങൾപോലും കേരള സർക്കാർ സ്വീകരിച്ചില്ലെന്നുമാത്രമല്ല, ദുരന്തബാധിത പ്രദേശങ്ങളിലെത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് ഐ.എ.എസ് റാങ്കിൽപ്പെട്ട ആരും തന്നെ എത്തിയില്ലെന്നുള്ളത് അപലപനീയമായ കാര്യമാണ്. 29-ാം തീയതി ചുഴലിക്കാറ്റുണ്ടാകുമെന്ന് ലഭിച്ച മുന്നറിയിപ്പിന് അർഹിക്കുന്ന പ്രാധാന്യം നൽകി ആവശ്യമായ മുൻകരുതലുകൾ എടുക്കാതെ മത്സ്യത്തൊഴിലാളികളെ ദുരന്തത്തിലേയ്ക്ക് തള്ളിവിട്ട സർക്കാർ നിലപാടിൽ പ്രതിഷേധിക്കുന്നു. വിഴിഞ്ഞത്ത് ജമാ അത്ത് കമ്മിറ്റി ഭാരവാഹികളും തീരദേശ മത്സ്യത്തൊഴിലാളികളും നടത്തിയ രക്ഷാപ്രവർത്തനങ്ങളിൽ ഇടപെടാൻപോലും സർക്കാർ തയ്യാറാകാതെ അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തി നിരുത്തരവാദപരമായ നിലപാട് സ്വീകരിക്കുകയാണ് ചെയ്തത്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം

രൂപയുടെ ദുരിതാശ്വാസം പ്രഖ്യാപിച്ചുവെങ്കിലും അവർക്ക് ലഭിച്ചത് ട്രഷറി സേവിംഗ്സ് അക്കൗണ്ടിന്റെ പാസ്ബുക്ക് മാത്രമാണ്. സമ്പാദ്യസമാശ്വാസ പദ്ധതിയിൽ അംഗമല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകാൻ സാധിക്കില്ലെന്ന സർക്കാർ നിലപാട് പുന:പരിശോധിക്കാനും അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും യഥാസമയം ദുരിതാശ്വാസം ലഭ്യമാക്കാനും ചുഴലിക്കാറ്റ് ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടെങ്കിലും മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ആളുകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനും മരണപ്പെട്ടവരുടെ കൃത്യമായ കണക്കെടുക്കാനും സർക്കാർ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സംസ്ഥാനത്ത് ഓഖി ദുരന്തത്തിനിരയായവരെയും അവരുടെ കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സർക്കാർ നടത്തിയിട്ടുള്ള രക്ഷാ പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഇതുസംബന്ധിച്ച് സർക്കാരിന് യഥാസമയം മുന്നറിയിപ്പ് നൽകേണ്ട അതോറിറ്റിക്ക് വീഴ്ച സംഭവിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ഓഖി ചുഴലിക്കാറ്റുണ്ടാകുമെന്ന് അറിയിപ്പ് ലഭിച്ച ഉടൻതന്നെ തീരദേശവാസികളുടെ സുരക്ഷയ്ക്കായി സർക്കാർ ഭാഗത്തുനിന്നും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വസ്തുതകളുടെ നിജസ്ഥിതി

മനസ്സിലാക്കാതെ കാര്യങ്ങൾ വളച്ചൊടിക്കുന്ന പ്രതിപക്ഷ നിലപാട് ശരിയല്ല. നാവിക സേനയുടെ 15 കപ്പലുകളും 7 ഹെലിക്കോപ്റ്ററുകളും 4 വിമാനങ്ങളുമാണ് ആദ്യ ഘട്ടത്തിൽ രാപ്പകൽ രക്ഷാപ്രവർത്തനത്തിന് ഉണ്ടായിരുന്നത്. ആദ്യ ദിനം മുതൽ ഫിഷറീസ്-സഹകരണ വകുപ്പുമന്ത്രിമാരാണ് രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനത്തിന് നേതൃത്വം നൽകിയത്. പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എന്ത് ചെയ്യാൻ സാധിക്കുമെന്നാണ് ചിന്തിക്കേണ്ടത്. ദുരന്തബാധിതരായ കുടുംബങ്ങളോടുള്ള കരുതലിന്റെ ഭാഗമായിട്ടാണ് നഷ്ടപരിഹാരത്തുക ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകിയത്. ഭാവിയിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള എല്ലാ കരുതൽ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളുമായി സ്പീക്കറുടെ ഡയസ്സിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ശ്രീ. രമേശ് ചെന്നിത്തല പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) താമരശ്ശേരി ചുരം

ശ്രീ. ജോർജ് എം. തോമസ്: പന്ത്രണ്ട് കിലോമീറ്ററിലേറെ ദൈർഘ്യമുള്ള താമരശ്ശേരി ചുരത്തിലൂടെ പ്രതിദിനം 15,000 ത്തോളം വാഹനങ്ങളാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അവിടെ പ്രതിവർഷം 10 ശതമാനത്തിലേറെ വാഹനപ്പെരുപ്പം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ ഏഴ് മീറ്റർ വീതിയുള്ള ടാർ റോഡിന്റെ വീതി വർദ്ധിപ്പിക്കുക അസാദ്ധ്യമാണ്. പ്രസ്തുത റോഡിലെ നാല് ഹെയർപിൻ ബെൻഡുകൾ വീതി കൂട്ടുന്നതിനായി വനം വകുപ്പിൽ നിന്നും 0.92 ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾക്കായി പി.ഡബ്ല്യു.ഡി. 32 ലക്ഷം രൂപ കെട്ടിവച്ചെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിമിത്തം പ്രസ്തുത പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. റോഡിന്റെ അടിയന്തര റിപ്പെയറിംഗിനാവശ്യമായ ടെണ്ടർ നടപടികൾക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. വയനാട് ചുരത്തിലെ നാലാം വളവ് മുതൽ ഒമ്പതാം വളവ് വരെയുള്ള ഭാഗത്ത് രാത്രികാലങ്ങളിൽ അപകടങ്ങൾ ഉണ്ടായാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുമെന്നതിനാൽ അവിടെ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. ഒമ്പതാം വളവിലെ വ്യൂപോയിന്റിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും പാർക്കിംഗിനു പകരം

സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. താമരശ്ശേരി ചുരത്തിന്റെ വീതി കൂട്ടുക അസാദ്ധ്യമായതിനാൽ ബദൽ റോഡുകളുടെ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ കാലവർഷക്കെടുതിയിൽ തകർന്ന താമരശ്ശേരി ചുരത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി 79 ലക്ഷം രൂപയുടെ ഭരണാനുമതി ഒരു മാസത്തിന് മുമ്പുതന്നെ നൽകിയിട്ടുണ്ട്. ഭാഗികമായി ഗതാഗതം നിർത്തിവച്ചുകൊണ്ട് നടത്തിവരുന്ന പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹെയർപിൻ വളവുകളുടെ വികസനത്തിനായി വനം വകുപ്പിൽ നിന്നും ഏകദേശം ഒരു ഹെക്ടർ സ്ഥലം വിട്ടുകിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ പണം അടച്ചെങ്കിലും രണ്ടാംഘട്ട അനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത തുക ഓൺലൈനായാണ് അടയ്ക്കേണ്ടതെന്നും ആയതിനാൽ തിരികെ നൽകാമെന്നും അറിയിച്ചെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ഈ പ്രശ്നം കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുമായി വിശദമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഓൺലൈനിലേയ്ക്ക് മാറ്റാമെന്ന് അദ്ദേഹം ഉറപ്പുനൽകിയിട്ടുണ്ട്. രണ്ട്, നാല്, ഒമ്പത് ഹെയർപിൻ

വളവുകൾ വീതി കൂട്ടി ഇന്റർലോക്ക് ചെയ്യുകയും മൂന്ന്, അഞ്ച് വളവുകളുടെ വീതി കൂട്ടി സംരക്ഷണഭിത്തി നിർമ്മിക്കുകയും ട്രാഫിക് സേഫ്റ്റി പ്രവൃത്തികൾക്കായി കേന്ദ്ര ഉപരിതല മന്ത്രാലയം അനുവദിച്ച തുക വിനിയോഗിക്കുകയും ചെയ്യുന്നതാണ്. ഒന്നാം വളവിൽ വീതികൂട്ടുന്നതിന് സ്വകാര്യഭൂമി വിട്ടുകിട്ടുന്നതിനായി നടപടി ആരംഭിക്കുകയും വനാതിർത്തി പങ്കിടുന്ന ആറ്, ഏഴ്, എട്ട് ഹെയർപിൻ വളവുകളിലെ പുനരുദ്ധാരണത്തിന് വനം വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. എൻ.എച്ച്. 766-ന്റെ വിപുലീകരണ പദ്ധതി യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് താമരശ്ശേരി ചുരത്തിന്റെ നവീകരണം നടത്തി പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കും. പാലവും തുരങ്കപാതയും ആവശ്യമുള്ള ബദൽറോഡ് വികസിപ്പിക്കുന്നതിനുവേണ്ടി കിഫ്ബിയിൽ തുക വകയിരുത്തുകയും തുരങ്കപാതയുടെ സാധ്യതാപഠനത്തിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. റോഡ് വികസനത്തിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(2) <u>കുടിവെള്ള പദ്ധതികൾ</u>

<u>ശ്രീ. സി. മമ്മൂട്ടി:</u> കേന്ദ്ര സഹായം ലഭിക്കാത്തതുകൊണ്ടും പൊതുമരാമത്ത് വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും ഏകോപനമില്ലായ്മകൊണ്ടും

സംസ്ഥാനത്ത് സ്തംഭനാവസ്ഥയിലായ വിവിധ കുടിവെള്ള പദ്ധതികൾക്കുപകരം ഫണ്ട് കണ്ടെത്തി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ഗ്യാരണ്ടി കാലാവധി നിശ്ചയിച്ച് പൂർത്തിയാക്കിയ റോഡുകളിൽ കാലാവധിക്ക് മുമ്പ് റോഡ് കട്ടിംഗിന് അനുമതി നൽകാൻ പൊതുമരാമത്ത് വകുപ്പിന് ബുദ്ധിമുട്ടുണ്ടെങ്കിലും കുടിവെള്ളത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ ഗണ്യമായ കുറവ് വരുത്തിയത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുകയും റോഡ് പുനഃസ്ഥാപനത്തിനുള്ള തുക യഥാസമയം അടയ്ക്കുന്നതിന് തടസ്സമായിരിക്കുകയുമാണ്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾ രണ്ടുവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേന്ദ്രവിഹിതം കുറഞ്ഞ പ്രതികൂല സാഹചര്യത്തിലും കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ സംസ്ഥാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

## III സബ്മിഷൻ

(1) പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബിനോയ് കോടിയേരിക്കെതിരെ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നതും ഇന്റർപോൾ അന്വേഷിക്കുന്നതുമായ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നവുമായി ബന്ധപ്പെട്ട് സർക്കാരിന് ഇതുവരെ ഒരു പരാതിയും ലഭിച്ചിട്ടില്ല. ശ്രീജിത്തിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം സാധാരണ നിലയിൽ നടക്കും. ബിനോയ് വിനോദിനി ബാലകൃഷ്ണന്റെ പേരിൽ പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആരോപണം സർക്കാരിന്റെയോ സഭയുടെയോ മുമ്പിലുള്ള വിഷയമല്ലാത്തതിനാൽ ഒരു അന്വേഷണത്തിനും സർക്കാർ തയ്യാറല്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) ജാനകി ടീച്ചറുടെ കൊലപാതകം

ശ്രീ. എം. രാജഗോപാലൻ: കയ്യൂർ-ചീമേനി പഞ്ചായത്തിലെ ജാനകി ടീച്ചറുടെ കൊലപാതകം സംബന്ധിച്ച അന്വേഷണം ത്വരിതപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജാനകി ടീച്ചറുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ചീമേനി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും സയന്റിഫിക് എക്സ്പേർട്ട്, ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. 24 അംഗങ്ങളടങ്ങുന്ന ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് കേസന്വേഷണം നടത്തിവരുന്നു. പ്രതികളെ എത്രയുംവേഗം കണ്ടെത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(3) ഗെയ്ൽ പൈപ്പ്ലൈൻ

ശ്രീ. പി. ഉബൈദുള്ള: ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിനും ജനവാസ കേന്ദ്രം ഒഴിവാക്കി റീ-അലൈൻമെന്റ് നടത്തി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. നിലവിലെ നിയമവ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് നൂതന സാങ്കേതിക വിദ്യ

ഉപയോഗിച്ച് പൂർണ്ണ സുരക്ഷ ഉറപ്പാക്കിയാണ് പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നത്. ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കുന്നതിനും ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 10 സെന്റോ അതിൽ താഴെയോ ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപയും നെൽവയലുകൾക്ക് നഷ്ടപരിഹാരത്തിനുപുറമേ സെന്റിന് 3761/- രൂപ നിരക്കിൽ നൽകാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 10 സെന്റോ അതിന് താഴെയോ ഭൂമിയുള്ളവർക്ക് പൈപ്പ്‌ലൈൻ സ്ഥാപിക്കാൻ ഉപയോഗിക്കുന്ന സ്ഥലം 2 മീറ്ററായി ചുരുക്കുകയും നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വയ്ക്കത്തക്കതരത്തിൽ അലൈൻമെന്റ് 2 മീറ്റർ വീതിയിൽ ഒരുവശത്തുകൂടി മാത്രമായി ക്രമപ്പെടുത്തുകയും ചെയ്യുന്നതാണ്. ബാക്കിയുള്ള സ്ഥലത്ത് വീട് വയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി 'അനുമതി പത്ര'മായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ ഉടമകൾക്ക് കൈമാറുന്നതാണ്. വ്യാപകമായ ബോധവൽക്കരണം നടത്തി ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

### (4) കാർഷിക വൈദ്യുതി കണക്ഷൻ

ശ്രീ. കെ. രാജൻ: ഒല്ലൂർ മണ്ഡലത്തിലെ പട്ടയരഹിത വനഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി

കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നെൽകൃഷിക്ക് പരിധിയില്ലാതെയും രണ്ട് ഹെക്ടർ വരെയുള്ള കരഭൂമി വിളകൾക്ക് സൗജന്യമായും വൈദ്യുതി നൽകുന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കൃഷി ഭവനിൽ അപേക്ഷിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാണ് കർഷകർക്ക് കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നത്. ഒല്ലൂർ മണ്ഡലത്തിലെ അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന കർഷകരുടെ ഭൂമിക്ക് കൈവശ രേഖയില്ലാത്തതിനാൽ കൃഷി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. അസംരക്ഷിത വനഭൂമിയിലെ കൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയ മാതൃകയിൽ കാർഷിക വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വൈദ്യുതി, വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത യോഗം വിളിക്കാൻ കൃഷി വകുപ്പ് മുൻകൈ എടുക്കുന്നതാണ്. വനം വകുപ്പ് ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചതിനാൽ വൈദ്യുതി വകുപ്പുമായി ആലോചിച്ച് ഈ

പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

(5) കിടത്തി ചികിത്സ

ശ്രീ. കെ. വി. വിജയദാസ്: കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അധിക തസ്തികകൾ അനുവദിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2008-ലാണ് പാലക്കാട് ജില്ലയിലെ കോങ്ങാട് ആരോഗ്യ കേന്ദ്രത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയത്. ചുരുങ്ങിയത് ഒമ്പത് ഡോക്ടർമാരുണ്ടെങ്കിൽ മാത്രമേ ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്നതാണ്.

(6) വൈറ്റില മേൽപ്പാലം

ശ്രീ. പി. ടി. തോമസ്: വൈറ്റില മേൽപ്പാലത്തിന്റെ നിർദ്ദിഷ്ട പ്ലാനിലുള്ള അപാകത പരിഹരിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ വൈറ്റില മേൽപ്പാലത്തിന്റെ വിശദമായ രൂപരേഖ ദേശീയപാതാ അതോറിറ്റിയുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തിട്ടുണ്ട്. 113 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട പദ്ധതിയിൽ മൂന്ന് വരിയുള്ള രണ്ട് മേൽപ്പാലങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഓരോ പാലത്തിനും 30 മീറ്റർ നീളമുള്ള 12 സ്പാനുകളും 40 മീറ്റർ നീളമുള്ള രണ്ട് സെൻട്രൽ സ്പാനുകളുമുണ്ട്. ഫ്ലൈ ഓവറിന് ഇരുവശത്തുനിന്നും മൊബിലിറ്റി ഹബ്ബിൽ സുഗമമായി പ്രവേശിക്കുന്നതിന് 320 മീറ്റർ നീളത്തിലും 375 മീറ്റർ നീളത്തിലും രണ്ട് സ്ലിപ്പ് റോഡുകളും പദ്ധതിയിലുണ്ട്. 2019 മേയ് മാസത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. വൈറ്റില മേൽപ്പാലത്തിന് അനുയോജ്യമായ എന്തെല്ലാം കാര്യങ്ങൾ കൂട്ടിച്ചേർക്കാനാകുമെന്ന് പരിശോധിച്ച് ശിപാർശ ചെയ്യാനായി പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുന്നതാണ്. 90 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കുണ്ടന്നൂർ ഫ്ലൈ ഓവറിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(7) തിരുവാഭരണ ഘോഷയാത്ര

ശ്രീ. ഒ. രാജഗോപാൽ: പന്തളത്തെ തിരുവാഭരണ ഘോഷയാത്രയുമായി

ബന്ധപ്പെട്ടുണ്ടായ അനിഷ്ട സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ: തിരുവാഭരണ ഘോഷയാത്ര നടത്തിപ്പിലുണ്ടായ അനിഷ്ട സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ശബരിമല മകരവിളക്ക് ദിനത്തിൽ ദീപാരാധനയ്ക്ക് വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ അടങ്ങിയ പേടകങ്ങൾ പന്തളം വലിയകോയിക്കൽ കൊട്ടാരത്തിൽ നിന്നും ആചാരാനുഷ്ഠാനങ്ങളോടെ അയ്യപ്പഭക്തൻമാരുടെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും അകമ്പടിയോടെ ഘോഷയാത്രയായി ശബരിമലയിലേക്ക് യാത്ര തിരിക്കുകയും ശരംകുത്തിയിലെത്തിച്ചേരുകയും ചെയ്തു. ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള ദേവസ്വം ഉദ്യോഗസ്ഥരും പോലീസ് ഉൾപ്പെടെയുള്ള മറ്റു വകുപ്പുദ്യോഗസ്ഥരും ചേർന്ന് തിരുവാഭരണ ഘോഷയാത്രയെ സ്വീകരിച്ച് വലിയ നടപന്തലിൽ എത്തിച്ചു. തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ചിരുന്ന ഇരുമുടികെട്ട് ഉള്ളവരും ഇല്ലാത്തവരുമായ ആയിരത്തോളം ഭക്തർ ഘോഷയാത്രയോടൊപ്പം ശരംകുത്തിയിൽ നിന്നും സന്നിധാനത്ത് എത്തുകയും

പതിനെട്ടാം പടിയിലേയ്ക്ക് അവർ കൂട്ടത്തോടെ കയറുന്നത് തിരക്കിനും മറ്റ് അനിഷ്ടസംഭവങ്ങൾക്കും സാധ്യതയുണ്ടെന്ന വസ്തുത മുൻ നിർത്തി വലിയ നടപന്തൽ കഴിഞ്ഞ് ആഴിക്ക് സമീപം അയ്യപ്പന്മാരെ നിയന്ത്രിക്കുന്ന അവസ്ഥയുമുണ്ടായി. തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ച അയ്യപ്പഭക്തരിൽ ഇരുമുടിക്കെട്ടില്ലാത്തവർ പതിനെട്ടാം പടി ചവിട്ടുന്നത് ആചാരവിരുദ്ധമാകയാൽ ആയത് ഒഴിവാക്കാൻ വേണ്ടിയാണ് മേൽപ്രകാരം നിയന്ത്രിച്ചത്. പന്തളം രാജകൊട്ടാര പ്രതിനിധികളുമായി മന്ത്രിയെന്ന നിലയിൽ നേരിട്ട് സംസാരിക്കുകയും അവർക്കത് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ ഒരു ചെറിയ സംഭവമൊഴിച്ചാൽ മറ്റു പാകപ്പിഴകളൊന്നും കൂടാതെ മണ്ഡല മകരവിളക്ക് മഹോത്സവവും തങ്കഅങ്കി തിരുവാഭരണ ഘോഷയാത്രയും പൂർവ്വാധികം ഭംഗിയായി പര്യവസാനിച്ചു. ഭാവിയിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളുന്നതാണ്.

(8) <u>തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രത്തിലെ തീപിടുത്തം സംബന്ധിച്ച്</u>

<u>ശ്രീ. യു.ആർ. പ്രദീപ്:</u> ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രത്തിലുണ്ടായ തീപിടുത്തത്തിൽ കത്തിനശിച്ച ഭാഗം പഴയകാല തനിമ നിലനിർത്തി പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ.</u>

<u>കടകംപള്ളി സുരേന്ദ്രൻ)</u>: അതിപുരാതനവും ചരിത്ര പ്രസിദ്ധവുമായ തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രത്തിൽ 23-01-2018-ന് നട അടച്ചശേഷം വടക്കുഭാഗത്ത് തീപിടുത്തമുണ്ടാകുകയും വിളക്കുമാടത്തിന്റെ ഭാഗം അഗ്നിക്കിരയാകുകയും മേൽക്കൂരയിലേയ്ക്ക് തീ പടർന്നു പിടിക്കുകയും ചെയ്തു. ദേശവാസികളടക്കം ബന്ധപ്പെട്ട എല്ലാവരുടേയും ഉദ്യമത്തോടെ ഏകദേശം ഒന്നര മണിക്കൂറിനുള്ളിൽ തീ അണയ്ക്കാൻ സാധിച്ചു. ക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള വിളക്കുമാടത്തിന്റെ മേൽക്കൂരയടക്കം മുക്കാൽ ഭാഗത്തോളം അഗ്നിക്കിരയായി. ഉന്നതാധികാരികളുടെ സമയോചിതമായ ഇടപെടൽമൂലം വൻ നാശനഷ്ടങ്ങളിൽ നിന്നും ക്ഷേത്രത്തെ സംരക്ഷിക്കാൻ സാധിച്ചു. ക്ഷേത്രത്തിന്റെ വിളക്കുമാടവും മേൽക്കൂരയും അഗ്നിക്കിരയായ ഭാഗവും എത്രയും പെട്ടെന്ന് പുനർ നിർമ്മിക്കുന്നതിനുള്ള നടപടി കൊച്ചിൻ ദേവസ്വം ബോർഡ് സ്വീകരിക്കുന്നതാണ്.

### (9) <u>ടൗൺ മാസ്റ്റർ പ്ലാൻ</u>

<u>ശ്രീ. പി.ടി.എ റഹീം:</u> കുന്ദമംഗലം ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ ചില പ്രദേശങ്ങൾ കോഴിക്കോട് ടൗൺ മാസ്റ്റർ പ്ലാനിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ.ടി. ജലീൽ)</u>: കോഴിക്കോടിനുവേണ്ടി കരട് മാസ്റ്റർ പ്ലാൻ

പ്രസിദ്ധീകരിച്ച വേളയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിച്ച ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണിനെതിരെ യാതൊരു പരാതികളും ലഭിക്കാത്ത സാഹചര്യത്തിൽ ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ അംഗീകരിച്ച് സർക്കാരിലേയ്ക്ക് അയച്ചതനുസരിച്ച് 2.29 ശതമാനം സ്ഥലമാണ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോൺ ആയി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് അംഗീകൃത സോണിംഗ് റെഗുലേഷൻ പ്രകാരം ചില നിയന്ത്രണങ്ങളുണ്ടെങ്കിലും അത്തരം കെട്ടിടങ്ങൾക്ക് ആകെ ബിൽഡ്-അപ്പ് ഏരിയയുടെ 50% വരെ അധികരിച്ച് ഒന്നര ഇരട്ടി വരെ പുനർ നിർമ്മാണം നടത്താനും കൂട്ടി ചേർക്കൽ നടത്താനും അനുവദിക്കുന്നതാണ്. പ്രസ്തുത പ്രദേശത്ത് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ നിയമപരമായ പരിഹാര നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(10) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. ജോൺ ഫെർണാണ്ടസ്: കൊച്ചിൻ കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ കാര്യക്ഷമമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ): കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ബ്രഹ്മപുരത്ത് തെർമൽ

സാങ്കേതികവിദ്യയിലൂന്നിയ ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ബന്ധപ്പെട്ട കമ്പനിയുമായി കൊച്ചിൻ കോർപ്പറേഷൻ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. പദ്ധതി പ്രദേശത്ത് 12 ഏക്കർ സ്ഥലം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് മറിക്കടക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നത് അനുമതി ലഭ്യമാക്കി സത്വരനടപടി സ്വീകരിക്കാൻ കോർപ്പറേഷന് നിർദ്ദേശം നൽകുന്നതുമാണ്.

## IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### (1) ഓഖി ദുരന്തം

ഓഖി ദുരന്തം സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രസ്താവന നടത്തി.

### (2) രാഷ്ട്രപിതാവിന്റെ എഴുപതാം രക്തസാക്ഷിദിനം

ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ രാഷ്ട്രപിതാവിന്റെ എഴുപതാം രക്തസാക്ഷിദിനം ആചരിക്കുന്നതുസംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പ്രസ്താവന നടത്തി.

## V ക്രമപ്രശ്നം

<u>നയപ്രഖ്യാപന പ്രസംഗത്തിൽ ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ ചർച്ച ചെയ്യാൻ പാടില്ലെന്നതുസംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): 22-01-2018-ന് ബഹു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ, ഖണ്ഡിക 3, 9 എന്നിവയിലെ ചില വരികളും വാക്കുകളും 41, 66, 78, 85, 92 എന്നീ ഖണ്ഡികകൾ പൂർണ്ണമായും ഒഴിവാക്കുകയുണ്ടായി. പ്രസ്തുത ഭാഗങ്ങൾ വായിച്ചതായി കണക്കാക്കണമെന്ന് അഭ്യർത്ഥന നടത്താതെയാണ് പ്രസംഗം അവസാനിപ്പിച്ചത്. മന്ത്രിസഭ തയ്യാറാക്കുന്ന പ്രസംഗം അതേപടി വായിക്കാനുള്ള ഉത്തരവാദിത്തം ഗവർണ്ണർക്കുണ്ട്. ഇതുസംബന്ധിച്ച് ഗവർണ്ണറുടേയോ അദ്ദേഹത്തിന്റെ ഓഫീസിന്റെയോ മുഖ്യമന്ത്രിയുടെയോ ഭാഗത്തുനിന്നും വിശദീകരണമുണ്ടാകാത്ത സാഹചര്യത്തിൽ നന്ദിപ്രമേയ ചർച്ചയിൽ ഗവർണ്ണർ സഭയിൽ ഒഴിവാക്കിയ ഭാഗങ്ങൾ ഉൾപ്പെടുത്താതെയുള്ള നയപ്രഖ്യാപന പ്രസംഗം മാത്രമേ ചർച്ചയ്ക്ക് വിധേയമാക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ബഹു. സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

<u>ഡോ. എം. കെ. മുനീർ</u>: ഗവർണ്ണറുടെ പ്രസംഗം സംബന്ധിച്ച് ശക്ധർ ആന്റ് കൗളിലും ഗവർണ്ണേഴ്സ് റോൾ ഇൻ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിലും പറയുന്നത് പ്രസംഗത്തിൽ ഒരു ചെറിയ തിരുത്ത് വേണമെങ്കിൽപ്പോലും വ്യക്തമായ

നടപടിക്രമങ്ങൾ ആവശ്യമാണെന്നാണ്. അതുകൊണ്ട് അച്ചടിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ ഒഴിവാക്കിയ ഭാഗങ്ങൾ നന്ദി പ്രമേയ ചർച്ചയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നത് സംബന്ധിച്ച് വ്യക്തമായ റൂളിംഗ് ഉണ്ടാകണം.

ശ്രീ. വി. പി. സജീന്ദ്രൻ: ഗവർണ്ണറുടെ പ്രസംഗത്തിൽ ഒഴിവാക്കിയ ഭാഗങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ ഉൾപ്പെടുത്തരുത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ക്യാബിനറ്റ് അംഗീകരിച്ച് ഗവർണ്ണർ ഓതന്റിക്കേറ്റ് ചെയ്ത് പ്രിന്റ് ചെയ്ത പ്രസംഗത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. പ്രസംഗത്തിലെ ഏതെങ്കിലും ഭാഗങ്ങൾ മന:പൂർവ്വം ഒഴിവാക്കണമെങ്കിൽ ഒഴിവാക്കുന്നുവെന്ന് ഗവർണ്ണർക്ക് അറിയിക്കാമായിരുന്നു. ഗവർണ്ണർ ഇതിൽ ഒരു തരത്തിലുള്ള വിയോജിപ്പും രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവർണ്ണറോട് വിശദീകരണം ആവശ്യപ്പെടേണ്ടതില്ല.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 176(1)പ്രകാരം സംസ്ഥാന ഗവർണ്ണർമാർ നിയമസഭകളിൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന

പ്രസംഗങ്ങളെ സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങളും നിയമപ്രശ്നങ്ങളും രാജ്യത്തൊട്ടാകെ ഉണ്ടായിട്ടുണ്ട്. അതുപോലെ അനുച്ഛേദം 87 (1) പ്രകാരം ഇന്ത്യൻ രാഷ്ട്രപതി പാർലമെന്റിലെ ഇരുസഭകളിലേയും അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയിട്ടുള്ള പ്രസംഗങ്ങളെ സംബന്ധിച്ചും ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ സഭാതലത്തിലും നിയമകോടതി മുമ്പാകെയും ഉയർന്നുവന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിലൊക്കെ സഭാദ്ധ്യക്ഷൻമാരും നിയമകോടതികളും പൊതുവായി സ്വീകരിച്ച സമീപനവും സുവ്യക്തമാണ്.

കേരള നിയമസഭയിൽ മുൻകാലങ്ങളിൽ ഗവർണ്ണർമാർ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ പരിശോധിച്ചാൽ ഒട്ടേറെ തവണ പ്രസംഗങ്ങൾ പൂർണ്ണമായി വായിച്ചിരുന്നില്ല എന്നു കാണാവുന്നതാണ്. വിവിധങ്ങളായ കാരണങ്ങളാലാണ് പ്രസംഗങ്ങൾ പൂർണ്ണമായി വായിക്കപ്പെടാതിരുന്നതെങ്കിൽക്കൂടി അതുസംബന്ധിച്ച് സഭാതലത്തിൽ ക്രമപ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ അതതുകാലങ്ങളിലെ സ്പീക്കർമാർ നൽകിയിട്ടുള്ള റൂളിംഗുകൾ പരിശോധിച്ചതിൽ പ്രസക്തമായ ഏതാനും സന്ദർഭങ്ങൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

1. 1982 ജനുവരി 29-ാം തീയതിയിലെ ഗവർണ്ണറുടെ പ്രസംഗം മുഴുവനായി വായിക്കാതിരുന്നത് സംബന്ധിച്ച ക്രമപ്രശ്നത്തിന്മേൽ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ എ.സി. ജോസ് 1982 ഫെബ്രുവരി 5-ാം തീയതി നൽകിയ റൂളിംഗ്

2. 1996 ജൂലൈ 12-ാം തീയതിയിലെ പ്രസംഗം സംബന്ധിച്ച് 1996 ജൂലൈ 16-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാർ നൽകിയ റൂളിംഗ്
3. 2001 ജൂൺ 29-ാം തീയതിയിലെ ഗവർണ്ണറുടെ പ്രസംഗം സംബന്ധിച്ച് 2001 ജൂലൈ 2-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ നൽകിയ റൂളിംഗ്.

മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ള വ്യക്തമായ റൂളിംഗുകളുടെകൂടി അടിസ്ഥാനത്തിൽ കഴിഞ്ഞ 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ, ബഹുമാന്യരായ എന്റെ മുൻഗാമികൾ ഏറെ അവധാനതയോടെ നൽകിയിട്ടുള്ള പ്രസ്തുത റൂളിംഗുകളുടെ സ്പിരിറ്റ് ഉൾക്കൊള്ളാതിരിക്കാനോ, അതിന്റെ അന്തസ്സത്തയിൽനിന്നും വ്യതിചലിക്കുവാനോ വേറിട്ടൊരു റൂളിംഗ് നൽകാനോ ചെയറിനെ പ്രേരിപ്പിക്കുന്ന ഒരു ഘടകവും ഇല്ലെന്നുതന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ ഒന്നുംതന്നെ നിലനിൽക്കുന്നതല്ലെന്നും ഇവിടെ അച്ചടിച്ച് വിതരണം നടത്തിയ പ്രസംഗം പൂർണ്ണമായും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗമായി പരിഗണിക്കാവുന്നതാണെന്നും വായിക്കാൻ വിട്ടുപോയത് ഒരു കാരണമായി കാണാനാവില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

## VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. മുല്ലക്കര രത്നാകരൻ: '2018 ജനുവരി 22-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ അനൂപ് ജേക്കബ്, സണ്ണി ജോസഫ്, കെ.എസ്. ശബരീനാഥൻ, കെ.സി. ജോസഫ്, ഒ. രാജഗോപാൽ, പി.കെ. അബ്ദു റബ്ബ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, ടി.വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, കെ.എൻ.എ. ഖാദർ, വി.ഡി. സതീശൻ, അനിൽ അക്കര, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, പി.ടി. തോമസ്, ഐ.സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, വി.പി. സജീന്ദ്രൻ, ഡോ. എം.കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. മുല്ലക്കര രത്നാകരൻ: രാജ്യം നേരിടുന്ന രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിലെ ദുരവസ്ഥയെ നേരിടേണ്ടതെങ്ങനെയെന്ന് യോജിച്ച് ചിന്തിക്കണം. ഇന്ത്യൻ വിപണി ഇന്ന് കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാണ്. ജി.എസ്.ടി.യും നോട്ട് നിരോധനവും നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് വികസനം

മുരടിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിക്കനുസൃതമായ വികസനമാണ് നയപ്രഖ്യാപനത്തിൽ ലക്ഷ്യമിടുന്നത്. പാർപ്പിടം, ആരോഗ്യം, വൈദ്യുതി, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്. മതേതര ജനാധിപത്യ സംവിധാനം ഉയർത്തിപ്പിടിക്കുന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. സാമൂഹ്യ ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളിലെയും പ്രശ്നങ്ങളും സാധ്യതകളും സമഗ്രമായി വിലയിരുത്തിക്കൊണ്ട് ഏതെല്ലാം നിലകളിൽ മുന്നോട്ട് പോകാൻ സാധിക്കുമെന്നുള്ള കാഴ്ചപ്പാടാണ് നയപ്രഖ്യാപനത്തിലുള്ളത്. വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച സമ്പൂർണ്ണ പാർപ്പിടം, ജനസൗഹൃദം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ പദ്ധതികളിലൂടെ നവകേരളം സൃഷ്ടിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം മെച്ചപ്പെട്ട നിലയിലേയ്ക്ക് എത്തിക്കുകയെന്ന കാഴ്ചപ്പാടോടുകൂടിയ നവീന ആശയങ്ങളാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാമൂഹിക-സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ നടപ്പിലാക്കേണ്ട പുരോഗമനപരമായ കാര്യങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: പ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലെ പ്രഖ്യാപനങ്ങളൊന്നും പ്രാവർത്തികമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഈ സർക്കാർ മദ്യനയത്തിൽ വരുത്തിയ മാറ്റം പുന:പരിശോധിക്കേണ്ടതാണ്.

<u>ശ്രീ.ആർ. രാമചന്ദ്രൻ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. ഇരുപത് മാസങ്ങൾക്കുള്ളിൽ വികസന-ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. ആശ്വാസകിരണം പദ്ധതിയിലൂടെ ഒട്ടേറെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതും സ്മാർട്ട് സിറ്റി, ആവാസ് പദ്ധതി എന്നിവ നടപ്പിലാക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. സംസ്ഥാനത്തെ പത്ത് ഐ.റ്റി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചതും 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കിത്തീർക്കാൻ സാധിച്ചതും ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചതുകൊണ്ടാണ്. സംസ്ഥാനത്ത് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനക്ഷമമാക്കുകയും ആറ് പുതിയ സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും 84 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് സർഗ്ഗം പദ്ധതിക്ക് തുടക്കം കുറിക്കുകയും

മണ്ഡലാടിസ്ഥാനത്തിൽ ഓട്ടിസം പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ലൈഫ് മിഷൻ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് വീടും ഭൂമിയും നൽകാനും പെൻഷൻ വർദ്ധിപ്പിക്കാനും കുടിശ്ശിക ഉൾപ്പെടെ കൊടുത്തു തീർക്കാനും പഞ്ഞമാസ ആശ്വാസ ധനസഹായം 4500 രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സമഗ്ര ട്രോമാകെയർ സംവിധാനം നടപ്പാക്കി. അംഗപരിമിതരുടെ പുനരധിവാസത്തിനും സഹായത്തിനുമായി സാമൂഹ്യക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടെക്നോസിറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഐ.ടി. രംഗത്ത് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാകും. മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം നവീകരിക്കുന്നതിനും റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യ 48 മണിക്കൂറിലെ ചികിത്സ സൗജന്യമാക്കുന്നതിനും ഇക്കാര്യത്തിൽ സ്വകാര്യ ആശുപത്രികളിലുണ്ടാകുന്ന ചെലവ് സർക്കാർ വഹിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരളം സൃഷ്ടിക്കുക എന്നതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ നയം. മികച്ച ക്രമസമാധാന പാലനത്തിനുള്ള ദേശീയ അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചത് സർക്കാരിന്റെ നേട്ടമാണ്. 20 മാസം കൊണ്ട് നഷ്ടത്തിലായിരുന്ന 13-

ഓളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അവയുടെ സംരക്ഷണത്തിനായി പദ്ധതി വിഹിതം വർദ്ധിപ്പിക്കാനും സാധിച്ചു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എഫ്.എ.സി.ടി.-യുടെ ഭൂമി ഏറ്റെടുത്ത് പെട്രോകെമിക്കൽ പ്രോജക്ട് ആരംഭിക്കുന്നതിനും കൊച്ചിയിൽ നിന്ന് മംഗലാപുരത്തേയ്ക്കും കോയമ്പത്തൂരേയ്ക്കും വ്യവസായ ഇടനാഴി ആരംഭിക്കുന്നതിനും പുതിയ സംരംഭങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സർക്കാരിന്റെ പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ച് യാതൊരു പരാമർശവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവർണ്ണർ പരാമർശിക്കാത്ത ഭാഗങ്ങൾ നയപ്രഖ്യാപനത്തിന്റെ ഭാഗമാക്കുന്നതിനുള്ള യാതൊരു പ്രവർത്തനവും സർക്കാർ നടത്തിയിട്ടില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിൽ നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിൽ സർക്കാർ പ്രശംസനീയമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. കടുത്ത സാമ്പത്തിക പ്രതിസന്ധി അതിജീവിച്ചുകൊണ്ടാണ് ഹരിതകേരളം മിഷൻ, ആർദ്രം മിഷൻ, വിദ്യാഭ്യാസ മിഷൻ, ലൈഫ് മിഷൻ എന്നിവയ്ക്ക് രൂപം നൽകിയിട്ടുള്ളത്. 45,000 സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് ടെൻഡർ ചെയ്തുകഴിഞ്ഞു. പട്ടികജാതി-പട്ടിക

ഗോത്രവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വൻകിട പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 1000 കോളനികളുടെ സമഗ്ര വികസനത്തിനുവേണ്ടി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ കുട്ടികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും പോയി പഠിക്കാനുള്ള എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നുണ്ട്. ഗോത്രബന്ധു, കമ്മ്യൂണിറ്റി സ്റ്റഡി സെന്റർ എന്നീ പദ്ധതികൾ സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കരകൗശലവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന ഗദ്ദിക പദ്ധതി സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കാൻ ആലോചിക്കുകയാണ്. എല്ലാ ജില്ലകളിലും സാംസ്കാരികവും കലാപരവുമായ പ്രകടനങ്ങൾ കാഴ്ചവയ്ക്കാനുള്ള സ്ഥിരം വേദികളുണ്ടാകണം. വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങാതിരിക്കാൻ പരമാവധി കുളങ്ങളും ചെക്ക് ഡാമുകളും വനത്തിനുള്ളിൽ നിർമ്മിക്കുകയും അവയ്ക്ക് ആവശ്യമായ ഭക്ഷണവും ജലവും ലഭ്യമാക്കുകയും വേണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ജനക്ഷേമകരമായ പ്രവർത്തനങ്ങളെല്ലാം ലോകത്തിന്

മാതൃകയാണ്. സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷിക്കപ്പെടണം. അപകടം നടന്ന് 48 മണിക്കൂറിനുള്ളിലുള്ള ചികിത്സ സൗജന്യമാക്കിയതും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ദേവസ്വം ബോർഡുകളിൽ 32 ശതമാനം സംവരണം ഏർപ്പെടുത്തിയതും അബ്രാഹ്മണർക്ക് ക്ഷേത്രങ്ങളിൽ പൂജ നടത്താനുള്ള അനുവാദം കൊടുത്തതും സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. എം. മാണി</u>: നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെ നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്തുമാത്രമുണ്ടായതല്ല. ഇന്ധന വിലവർദ്ധനവുമൂലം ബുദ്ധിമുട്ടുന്ന ജനങ്ങളെ സഹായിക്കാനായി അധികനികുതി വരുമാനം വേണ്ടെന്നുവയ്ക്കുന്നതിനും പരമ്പരാഗത വ്യവസായ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളുടെ ഉന്നമനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തയ്യാറാകണം. കെട്ടിടനിർമ്മാണ മേഖലയിലു ണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. കോർപ്പറേറ്റുകളെ സഹായിക്കുന്ന കേന്ദ്ര സർക്കാർ നയംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധിക്ക് പരിഹാരം കാണണം. കർഷകത്തൊഴിലാളികളുടെയും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും മുടങ്ങിക്കിടക്കുന്ന പെൻഷൻ തുക കുടിശ്ശിക സഹിതം കൊടുത്തുതീർക്കാനും കർഷകർക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം. കിഫ്ബി മുഖാന്തിരം ചെലവഴിക്കുന്ന

തുകയ്ക്ക് സംസ്ഥാന സർക്കാർ നിയന്ത്രണം ഏർപ്പെടുത്തണം. സർക്കാരിന്റെ പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ തിരുത്തി മുന്നോട്ടുപോകാൻ തയ്യാറാകണം.

ശ്രീ. എം. രാജഗോപാലൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ക്രമസമാധാന രംഗത്ത് ദേശീയതലത്തിൽ മികച്ച സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സാമൂഹിക-സാമ്പത്തിക മേഖലകളിൽ സുസ്ഥിര വളർച്ച ലക്ഷ്യംവച്ചുകൊണ്ട് സദ്ഭരണം, സംരംഭകത്വം, പങ്കാളിത്ത ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള പ്രവാസികളുടെ ബുദ്ധിവൈഭവവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടെ ലോക കേരള സഭ സംഘടിപ്പിച്ചത് സ്വാഗതാർഹമാണ്. ദുർബലവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ജലഗതാഗത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനും സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വരുംതലമുറയെ മുന്നിൽകണ്ടുകൊണ്ട് പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയായി ഏറ്റെടുക്കുന്നതിനും നീരുറവകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അന്തരീക്ഷ മലിനീകരണമുണ്ടാകാത്ത രീതിയിൽ ആധുനിക വ്യവസായ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചു.

ദീർഘവീക്ഷണത്തോടെയുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നവകേരളം കെട്ടിപ്പടുക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ആർ. രാജേഷ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സുപ്രധാനമായ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കാൻ ഇടതുമുന്നണി സർക്കാരിന് സാധിച്ചു. സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിച്ചുനൽകുന്നതിനുള്ള ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുപോകുകയാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനും കുളങ്ങളും തോടുകളും ശുദ്ധീകരിക്കുന്നതിനും ആർദ്രം പദ്ധതിയുടെ ഗുണഫലങ്ങൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും അനുഭവവേദ്യമാക്കാനും സാധിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുമുള്ള നടപടികൾ ശ്ലാഘനീയമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഫലമായി സർക്കാർ സ്കൂളുകളിലേയ്ക്ക് ഒന്നേകാൽ ലക്ഷത്തോളം കുട്ടികളെ പുതുതായി എത്തിക്കാൻ കഴിഞ്ഞു. ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ദളിതരടക്കമുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച സർക്കാർ നടപടി ചരിത്ര പ്രാധാന്യമുള്ളതാണ്.

ശ്രീ. ഒ. രാജഗോപാൽ: സംസ്ഥാനത്തെ ഏറ്റവുമുട്ടൽ രാഷ്ട്രീയത്തിന് അടിസ്ഥാനപരമായി മാറ്റം വരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ജനങ്ങളുടെ ഇച്ഛയ്ക്കനുസരിച്ചുള്ള ഭരണസംവിധാനം രൂപപ്പെടേണ്ടതുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കണം. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും വിദ്യാർത്ഥി സംഘടനകൾക്ക് കലാലയങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യമുണ്ടാകണം. വിശ്വാസങ്ങൾ വച്ചുപുലർത്താനും ആചരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടരുത്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ നിഷ്പക്ഷമായി നടപ്പിലാക്കണം.

ശ്രീ. മുരളി പെരുനെല്ലി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദേശീയ രാഷ്ട്രീയത്തിന് കൃത്യമായ ദിശാബോധം നൽകുന്ന പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കാഴ്ച വയ്ക്കുന്നത്. സമസ്തമേഖലകളിലും ഗണ്യമായ നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് വിവിധ കർമ്മ പരിപാടികൾ പ്രഖ്യാപിച്ചതും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ദേവസ്വം നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിയതും പ്രവാസികളെ ആദരിക്കുന്നതിനും വ്യവസായ

സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി ലോക കേരള സഭ സംഘടിപ്പിച്ചതും ശ്ലാഘനീയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിന്റെ ഉന്നമനത്തിനായി ബഡ്ജറ്റിൽ പ്രത്യേക വിഹിതം നീക്കിവച്ചത് ഈ വിഭാഗത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് മെച്ചപ്പെടുത്തിയതും സംയോജിത മാതൃകാ കൃഷിത്തോട്ടങ്ങൾ ആരംഭിച്ചതും കർഷക ക്ഷേമനിധി ആക്ട് രൂപീകരിക്കാനുള്ള ശ്രമവും ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആദ്യമായി ട്രാൻസ്ജൻഡർ നയം പാസ്സാക്കിയതും സ്ത്രീകൾക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചതും പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ചതും ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൂതന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും ഇടതുപക്ഷ സർക്കാരാണെന്നുള്ള കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. പ്രവാസികളെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച ലോക കേരള സഭ സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് നാന്ദി കുറിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സമസ്ത മേഖലകളിലും ക്രിയാത്മകമായ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അന്ധമായ രാഷ്ട്രീയവിരോധം പ്രതിപക്ഷം അവസാനിപ്പിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപനപ്രസംഗത്തിൽ കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും നിർദ്ദേശിച്ചിട്ടില്ല. ജനദ്രോഹപരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. 'ആർദ്രം' പദ്ധതി ശക്തിപ്പെടുത്തുകയും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ ഭക്ഷ്യ വകുപ്പ് ഇടപെടുകയും വേണം. റേഷൻ കാർഡിലുള്ള തെറ്റുകൾ തിരുത്താനും അനർഹരെ ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനുമുള്ള നടപടിയുണ്ടാകണം. നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി കുറച്ച് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം. വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ നിർദ്ധന കുടുംബങ്ങളെ സഹായിക്കുന്നതിന് നടപടിയുണ്ടാകണം. കൈവശഭൂമി തിട്ടപ്പെടുത്തുന്നതിനുള്ള രേഖ തയ്യാറാക്കുന്ന നടപടി ത്വരിതപ്പെടുത്തുകയും റീ-സർവ്വെയുമായി ബന്ധപ്പെട്ട പരാതികൾ റവന്യൂ സർവ്വേ അദാലത്ത് നടത്തി പരിഹരിക്കുകയും വേണം. എല്ലാ വില്ലേജുകളിലും ഭൂമിയുടെ പോക്കുവരവ്, കരം ഒടുക്കൽ എന്നിവ ഓൺലൈൻ ആക്കുന്നതിനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ഒട്ടേറെ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പട്ടികജാതി -പട്ടികഗോത്രവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായ വിഹിതം

നീക്കിവച്ച ഏക സംസ്ഥാനമാണ് കേരളം. ട്രാൻസ്ജൻഡർ നയമുള്ള ആദ്യത്തെ സംസ്ഥാനം, ഏറ്റവുംകുറഞ്ഞ ശിശുമരണ നിരക്ക്, ഉയർന്ന ലിംഗ അനുപാതം, ഉയർന്ന ആരോഗ്യ സൂചിക, സൗജന്യ ആരോഗ്യ ചികിത്സാ ലഭ്യത, ഗ്രാമങ്ങളിലെ ആധുനിക പാതകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കേരളം മുൻപന്തിയിലാണ്. പോലീസ് സേനയിൽ വനിതാംഗങ്ങളുടെ എണ്ണം 25 ശതമാനമായി വർദ്ധിപ്പിച്ചതും ക്ഷേത്രങ്ങളിലെ പൂജാരിമാരായി എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അവസരം നൽകിയതും ശ്ലാഘനീയമാണ്. സംസ്ഥാനത്ത് ലൈഫ്, ആർദ്രം, ഹരിതകേരളം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചതും ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയതും അഭിനന്ദനാർഹമാണ്. വില നിയന്ത്രണം എടുത്തുകളഞ്ഞ് പെട്രോളിയം ഉല്പന്നങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിപ്പിച്ചതും രാജ്യരക്ഷാ ആയുധങ്ങളുടെ നിർമ്മാണം സ്വകാര്യ-വിദേശ മേഖലകളെ ഏൽപ്പിച്ചതും ഡീഗോ ഗാർഷ്യാ ദ്വീപ് അമേരിക്കയുടെ ആയുധ താവളമാക്കി മാറ്റിയതും മുൻ യു.പി.എ. ഗവൺമെന്റാണ്. ഇക്കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷത്തിനുണ്ടായ വിജയം കേരള ജനത ഇടതുപക്ഷ മുന്നണിയെ എങ്ങനെ നോക്കിക്കാണുന്നു എന്നുള്ളതിന്റെ തെളിവാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന

പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള കേരളത്തിന്റെ തനതായ പ്രത്യേകതകളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണവും തമ്മിൽ യാതൊരു ബന്ധവുമില്ല. എക്കണോമിക് ഗ്രോത്ത്, എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ, സോഷ്യൽ ഇക്വാളിറ്റി എന്നീ ഘടകങ്ങളില്ലാതെ സംസ്ഥാനത്ത് സുസ്ഥിര വികസനം നടക്കുന്നുവെന്ന് പറയാൻ സാധിക്കില്ല. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ വികാസം ശരിയായി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് ബൃഹത്തായ പദ്ധതികളൊന്നും രൂപീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഭാരതീയ സംസ്കാരത്തെ വികലമാക്കുന്നതും കോർപ്പറേറ്റുകളെ സഹായിക്കുന്നതുമായ ഭരണമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നത്. സാമ്പത്തിക നിലപാടിനെയും ഫാസിസത്തെയും തോൽപ്പിക്കുവാനുള്ള വിശാല സഖ്യം രൂപീകരിക്കാൻ രാജ്യത്തെ മതേതര കക്ഷികളെല്ലാം ഒരുമിച്ച് നിൽക്കണം.

<u>ശ്രീ. ബി.ഡി ദേവസ്സി:</u> നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. വികസന രംഗത്ത് കേരളം ലോക ശ്രദ്ധ നേടിയിരിക്കുകയാണ്. ഹരിത കേരളം മിഷൻ, പാർപ്പിടം പദ്ധതി, ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കിഫ്ബിയുടെ രൂപീകരണം എന്നിവ സർക്കാരിന്റെ പുതിയ വികസന സങ്കൽപങ്ങൾ യാഥാർത്ഥ്യമാക്കുന്നതാണ്. 2019 മാർച്ച് മാസത്തിനുമുമ്പ് കേരളം ഇൻഡ്യയിലെ ആദ്യത്തെ ഹൈടെക് സംസ്ഥാനമായി മാറാൻ പോകുന്നുവെന്ന പ്രഖ്യാപനം

ശ്ലാഘനീയമാണ്. വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റ് മതനിരപേക്ഷ കേരളം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. സർവ്വതല സ്പർശിയും സാമൂഹ്യ നീതിയിൽ അധിഷ്ഠിതവുമാണ് സർക്കാരിന്റെ വികസന നയങ്ങൾ. സമ്പൂർണ്ണ വൈദ്യുതീകരണം, വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം തുടങ്ങി പല പദ്ധതികൾക്കും കേരളം മാതൃകയാണ്. കരാറുകാർക്കുള്ള കുടിശ്ശിക, പെൻഷൻ കുടിശ്ശിക എന്നിവ കൊടുത്തു തീർക്കാൻ സാധിച്ചതും നോട്ട് പ്രതിസന്ധി ഉണ്ടായപ്പോൾ സഹകരണ മേഖലയെ രക്ഷിക്കാനുള്ള ധീരമായ നടപടി സ്വീകരിച്ചതും കടുത്ത വരൾച്ചാ സമയത്ത് പവർകട്ട് ഇല്ലാതെ മുന്നോട്ടുപോയതും ഓഖി ദുരന്തം വന്നപ്പോൾ മനുഷ്യ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചതും ഗൾഫ് നാടുകളിൽനിന്ന് 149 തടവുകാരെ മോചിപ്പിക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ക്ഷേത്രങ്ങളിൽ ദളിത് വിഭാഗക്കാർ ഉൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചതും വിദ്യാഭ്യാസ വായ്പ എടുത്ത് ജോലി കിട്ടാതെ ബുദ്ധിമുട്ടുന്നവരുടെ മാതാപിതാക്കളെ സഹായിക്കാനായി രാജ്യത്ത് ആദ്യമായി നിയമം കൊണ്ടുവന്നതും അപകടം സംഭവിച്ച് സ്വകാര്യ ആശുപത്രികളിൽ എത്തുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ

നൽകാൻ തീരുമാനിച്ചതും മാതൃകാപരമാണ്. ദളിതർക്കും മതന്യൂനപക്ഷങ്ങൾക്കും അർഹിക്കുന്ന പരിരക്ഷ നൽകിയതും പ്രവാസികളുടെ ക്ഷേമത്തിനായി ലോക കേരള സഭ സംഘടിപ്പിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. ടി. എ റഹീം:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഓഖി ദുരന്തമുൾപ്പെടെ കാലിക പ്രസക്തിയുള്ള വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുന്നതിൽ പ്രതിപക്ഷം പരാജയപ്പെട്ടു. ലോക കേരള സഭയ്ക്കെതിരെ അടിസ്ഥാനരഹിതമായ പരാമർശം നടത്തുന്നത് വിമർശനാത്മകമാണ്. ഗെയ്ൽ ഉൾപ്പെടെയുള്ള സർക്കാരിന്റെ പല പദ്ധതികൾക്കും നയപരിപാടികൾക്കുമെതിരെ പ്രതിപക്ഷം നടത്തുന്ന അനാവശ്യ സമരങ്ങൾ തികഞ്ഞ പരാജയമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> നന്ദി പ്രമേയത്തെ എതിർക്കുന്നു. ആവർത്തന വിരസതയുളവാക്കുന്നതാണ് സർക്കാരിന്റെ നയപ്രഖ്യാപനം. ഭരണ കക്ഷിയിലെ ജനപ്രതിനിധികൾതന്നെ ഭൂമി കയ്യേറ്റ വിവാദങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് സർക്കാരിന് ഭൂഷണമല്ല. നീലക്കുറിഞ്ഞി വിവാദവുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ പരിശോധിച്ച് കയ്യേറ്റക്കാർക്കെതിരെ മുഖംനോക്കാതെ നടപടിയെടുക്കാനും മൂന്നാർ തമിഴ്നാടിന്റെ ഭാഗമാക്കാനുള്ള നീക്കം തടയാനും സർക്കാർ തയ്യാറാകണം. കോട്ടയം, ഏറ്റുമാനൂർ എന്നിവിടങ്ങളിൽനിന്ന് രണ്ട് ദമ്പതികളെ കാണാതായതുസംബന്ധിച്ച് അന്വേഷണം നടത്താനും ഇ.എഫ്.എൽ.

ഭൂമിയുടെ കാര്യത്തിൽ കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാധ്യതകളും മുൻഗണനാക്രമങ്ങളും രൂപപ്പെടുത്തുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. ഈ സർക്കാരിന്റെ ആദ്യ നയപ്രഖ്യാപനത്തിൽ പറഞ്ഞ ചില കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനും ചിലതിന് തുടക്കമിടാനും കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. കേരളത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റിയതും ഇന്റർനെറ്റ് വ്യക്തികളുടെ അവകാശമായി പ്രഖ്യാപിച്ചതും വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഇന്ത്യയിലാദ്യമായി ട്രാൻസ്ജൻഡറിനു വേണ്ടി നയം ആവിഷ്കരിച്ച് നടപ്പിലാക്കുകയും സ്ത്രീകൾക്ക് പ്രത്യേക വകുപ്പ് രൂപീകരിക്കുകയും ജൻഡർ ബഡ്ജറ്റിംഗിൽ 16 ശതമാനം വിഹിതം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ക്രമസമാധാനം തകർക്കാനുള്ള വർഗ്ഗീയ ശക്തികളുടെ ശ്രമത്തെ അതിജീവിച്ചുകൊണ്ട് നാട്ടിൽ സമാധാനവും ശാന്തിയും നിലനിർത്താൻ സർക്കാരിന് കഴിഞ്ഞത് അഭിമാനകരമാണ്. യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടാൻ ഉത്തരവിട്ട സ്കൂൾ ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുകയും ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് ജോലി നൽകുകയും

ചെയ്തിട്ടുണ്ട്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയും പോളിറ്റ് ബ്യൂറോ അംഗവുമായ ശ്രീ കോടിയേരി ബാലകൃഷ്ണന്റെ മകനെതിരെ പ്രതിപക്ഷനേതാവ് ഉന്നയിച്ചത് വസ്തുതാ വിരുദ്ധമായ ആരോപണമാണെന്ന് തെളിയിക്കുന്നതാണ് ഇന്ന് ദുബായ് പോലീസിൽനിന്ന് ലഭിച്ച ക്ലിയറൻസ് സർട്ടിഫിക്കറ്റ്.

സഭ വൈകുന്നേരം 5.01 -ന് പിരിഞ്ഞു.